# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/267/2017 2017 ഡിസംബർ 18

## <u>പത്രക്കുറിപ്പ്</u>

**എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാരുടെ യോഗം**
**(ദയവായി എല്ലാ എഡിഷനുകളിലും)**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ 'ജൈവം 2017' പദ്ധതിയുടെ തുടർനടത്തിപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ഡിസംബർ 18ന് നടത്തിയ യോഗത്തിൽ പങ്കെടുക്കാത്ത കോളേജുകളിലെ എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർമാർ 20ന് രാവിലെ 10 മണി മുതൽ സർവ്വകലാശാലാ എൻ.എസ്.എസ്. ഓഫീസിൽ വച്ച് നടത്തുന്ന യോഗത്തിൽ ബന്ധപ്പെട്ട രേഖകൾ സഹിതം പങ്കെടുക്കണം.

**പ്രാക്ടിക്കൽ**

2017 ഒക്ടോബറിൽ തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ. കഥകളി സംഗീതം (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി) പരീക്ഷകളുടെ പ്രാക്ടിക്കൽ 2018 ജനുവരി 3, 5 തീയതികളിൽ ആർ.എൽ.വി. കോളേജിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

2017 ജൂലൈ മാസം നടത്തിയ മൂന്നാം വർഷ ബി.എസ്.സി. നഴ്സിംഗ് ബിരുദ (സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 29 വരെ അപേക്ഷിക്കാം.

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ 2017 ജൂലൈ മാസം നടത്തിയ ഒന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 pm to 9 pm) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 29 വരെ അപേക്ഷിക്കാം.

2017 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ മൂന്നു മുതൽ ഒൻപത് വരെ സെമസ്റ്റർ ബി.എ. എൽ.എൽ.ബി. ഓണേഴ്സ് (പുതിയ സ്കീം മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 29 വരെ അപേക്ഷിക്കാം.

2017 ഫെബ്രുവരിയിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി. ഓണേഴ്സ് ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 29 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എ. ക്രിമിനോളജി എൽ.എൽ.ബി. പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 30 വരെ അപേക്ഷിക്കാം.

**എം.ജി.യിൽ കരാർ നിയമനം**

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാർ അടിസ്ഥാനത്തിൽ സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ, സീനിയർ ഹാർഡ്വെയർ എഞ്ചിനീയർ എന്നീ തസ്തികകളിൽ നിയമനത്തിന് ഡിസംബർ 22ന് ഉച്ച കഴിഞ്ഞ് 2 മണിക്ക് വാക്ക് – ഇൻ ഇന്റർവ്യൂ നടത്തും. 60 ശതമാനം മാർക്കോടെ കമ്പ്യൂട്ടർ സയൻസിലോ ഐ.ടി.യിലോ ബി.ഇ./ബി.ടെക് ഡിഗ്രി/എം.സി.എ./എം.എസ്.സി. – കമ്പ്യൂട്ടർ സയൻസ്/ഐ.ടി. ബിരുദമാണ് സീനിയർ കമ്പ്യൂട്ടർ പ്രോഗ്രാമർ അപേക്ഷകർക്കുവേണ്ട യോഗ്യത.

ബന്ധപ്പെട്ട മേഖലയിൽ അഞ്ചുവർഷത്തെ പ്രവൃത്തിപരിചയം അഭികാമ്യം. പ്രായം 36 കവിയരുത്. സർവ്വകലാശാലാ സർവ്വീസിന് പരമാവധി 5 വർഷത്തെ വയസിളവ് അനുവദിക്കും. പ്രതിഫലം പ്രതിമാസം 30000 രൂപ.

കമ്പ്യൂട്ടർ സയൻസിലോ ഐ.ടി.യിലോ ബി.ഇ./ബി.ടെക് ഡിഗ്രി/എം.സി.എ./എം.എസ്.സി. - കമ്പ്യട്ടർ സയൻസ്/ഐ.ടി./കമ്പ്യൂട്ടർ ഹാർഡ്‌വെയർ മെയിന്റനൻസിൽ മൂന്നു വർഷ പോളിടെക്നിക് ഡിപ്ലോമ ഉള്ളവർക്ക് സീനിയർ ഹാർഡ്‌വെയർ എഞ്ചിനീയർ തസ്തികയ്ക്ക് അപേക്ഷിക്കാം. ബന്ധപ്പെട്ട മേഖലയിൽ 12 വർഷത്തിൽ കുറയാതെയുള്ള പ്രവൃത്തിപരിചയം വേണം. സർവ്വകലാശാലാ സർവ്വീസ് അഭികാമ്യം. പ്രായം 36 വയസ് കവിയരുത്. സർവ്വകലാശാലാ സർവ്വീസിന് പരമാവധി 5 വർഷത്തെ വയസിളവ് അനുവദിക്കും. പ്രതിഫലം 21000 രൂപ.

വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി രാവിലെ 11.30ന് സർവ്വകലാശാലയിലെ എ.ഡി.എ4 സെക്ഷനിൽ ഹാജരാകണം. വിശദവിവരങ്ങൾ www.mgu.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## പി.എസ്.സി. - സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 പരീക്ഷാ പരിശീലനം

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 പരീക്ഷയ്ക്കുള്ള പരിശീലനം മഹാത്മാഗാന്ധി സർവ്വകലാശാലാ എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ ആരംഭിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0481 - 2731025

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**